REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഗവൺമെന്റ് പദ്ധതികൾ മുഴുവൻ ആളുകളിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഉദ്യോഗസ്ഥർ നിർമ്മിത ബുദ്ധി, ഇ-ഗവേണൻസ് തുടങ്ങിയ സംവിധാനങ്ങൾ സ്വീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. നാളെയാണ് നാമനിർദേശ പത്രിക പിൻവലിക്കാൻ അവസാന ദിവസം.**
- **പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ തിരുവനന്തപുരത്ത് നിർവ്വഹിക്കും.**
- **സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിന്.**

## വാർത്തകൾ വിശദമായി

ഗവൺമെന്റ് പദ്ധതികൾ മുഴുവൻ പേരിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിർമിത ബുദ്ധി, ഇ-ഗവേണൻസ്, ഡിജിറ്റൽ ഫീഡ്ബാക്ക് സംവിധാനങ്ങൾ സ്വീകരിക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു പുതുതായി ചുമതലയേറ്റ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരോട് ആവശ്യപ്പെട്ടു. LBSNAA യിലെ 127-ാമത് പ്രാഥമിക പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഡിജിറ്റൽ ഉപകരണങ്ങൾ കാര്യക്ഷമവും സുതാര്യവും ജന സൗഹൃദപരവുമായ ഭരണ സംവിധാനങ്ങൾ നിർമ്മിക്കാൻ സഹായിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. താഴെത്തട്ടിലെ ജനങ്ങളുടെ ക്ഷേമത്തിലും വികസനത്തിലും സിവിൽ സർവീസ് ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് ദ്രൗപതി മുർമു പറഞ്ഞു.

✪✪✪

2026 മാർച്ചോടെ റിസർവ് ബാങ്ക്, 500 രൂപ നോട്ടുകളുടെ വിതരണം അവസാനിപ്പിക്കുമെന്ന് അവകാശപ്പെടുന്ന യൂട്യൂബ് വിഡിയോ ഗവൺമെന്റ് നിഷേധിച്ചു. RBI ഇത്തരമൊരു പ്രഖ്യാപനം നടത്തിയിട്ടില്ലെന്ന് PIB യുടെ വസ്തുതാ പരിശോധനാ യൂണിറ്റ് വ്യക്തമാക്കി.

വാർത്തകൾ വിശ്വസിക്കുകയോ പങ്കിടുകയോ ചെയ്യുന്നതിന് മുമ്പ് ഔദ്യോഗിക ഉറവിടങ്ങളിൽ നിന്ന് പരിശോധിച്ച് ഉറപ്പിക്കണമെന്നും ഗവൺമെന്റ് അറിയിച്ചു.

✪✪✪

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് നൽകുന്ന ഐക്യദാർഢ്യത്തിനും പിന്തുണയ്ക്കും UK ഗവണ്മെന്റിന് നന്ദി അറിയിച്ച് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. ന്യൂഡൽഹിയിൽ UK അണ്ടർ സെക്രട്ടറി ഒലിവർ റോബിൻസുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

വ്യാപാരം, നിക്ഷേപം, സാമ്പത്തിക മേഖല, കാലാവസ്ഥ, ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങി വിവിധ മേഖലകളിൽ പങ്കാളിത്തം കൂടുതൽ ശക്തമാക്കാനും വൈവിധ്യവത്കരിക്കാനും വഴികൾ ഇരുവരും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയേക്കും. ഇന്നലെ മുഖ്യമന്ത്രി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ശബരി റെയിൽ പാത, K- റെയിൽ ഉൾപ്പെടെ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. നാളെ വരെയാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. 25 പത്രികകളിൽ ഏഴെണ്ണം തള്ളി 18

എണ്ണമാണ് സ്വീകരിച്ചത്. ഈമാസം 19 നാണ്  വോട്ടെടുപ്പ്. വോട്ടെണ്ണൽ 23ന് നടക്കും.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത് ഇന്ന് വിവിധ പഞ്ചായത്തുകളിൽ പര്യടനം നടത്തും. അമരമ്പലം, കൂറ്റമ്പാറ, ചുങ്കത്തറ, എരുമമുണ്ട എന്നിവിടങ്ങളിലാണ് പര്യടനം. LDF സ്ഥാനാർഥി M സ്വരാജ്, നാരോക്കാവ്, തണ്ണിക്കടവ്, വരക്കുളം തുടങ്ങി 16 ഇടത്ത് പര്യടനം നടത്തും. NDA സ്ഥാനാർഥി മോഹൻ ജോർജ് രാവിലെ എട്ടു മുതൽ മൂത്തേടം പഞ്ചായത്തിലെ വിവിധ മേഖലകളിലും കാറ്റാടി, കൾക്കുളം, കാരപ്പുറം ഭാഗങ്ങളിലും ഇന്ന് പര്യടനം നടത്തും.

✪✪✪

പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ  ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരത്ത് നിർവ്വഹിക്കും. രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. മന്ത്രി P പ്രസാദ് പങ്കെടുക്കും.

ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്, 'ഒരു തൈ നടാം' ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം  നാളെ  മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ക്ലിഫ് ഹൗസ് അങ്കണത്തിൽ വൃക്ഷത്തൈ നടും. സംസ്ഥാനമൊട്ടാകെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 30 വരെ ക്യാമ്പയിൻ നടക്കുക.

✪✪✪

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് ഏർപ്പെടുത്തിയ ഈ വർഷത്തെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ, ലോക പരിസ്ഥിതിദിനത്തിന്റെ സംസ്ഥാനതല ദിനാചരണ ചടങ്ങിലാണ് പുരസ്കാരം സമർപ്പിക്കുക. ചടങ്ങിൽ പ്ലാസ്റ്റിക് ലഘൂകൃത ജീവിതശൈലി ക്യാമ്പയിൻ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

ഇന്ന് ആക്രമണത്തിന് ഇരയായ നിരപരാധികളായ കുട്ടികളുടെ അന്താരാഷ്ട്ര ദിനം. ലോകമെമ്പാടും  ശാരീരികവും മാനസികവും വൈകാരികവുമായ പീഡനത്തിന് ഇരയായ കുട്ടികൾ അനുഭവിക്കുന്ന വേദനയെ അംഗീകരിക്കുക, അതിൽ പൊതുജന അവബോധം വളർത്തുക, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്  പ്രതിബദ്ധത എന്നിവയിലൂന്നിയാണ് എല്ലാ വർഷവും

ജൂൺ 4, ആക്രമണത്തിന് ഇരയായ നിരപരാധികളായ കുട്ടികളുടെ അന്താരാഷ്ട്ര ദിനമായി ഐക്യരാഷ്ട്രസഭ ആചരിക്കുന്നത്.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് 1947 - 48 ലെ ഇന്ത്യ - പാക്കിസ്ഥാൻ യുദ്ധത്തിൽ വീരമൃത്യു വരിച്ച പരം വീര ചക്ര അവാർഡ് ജേതാവ് നായിക് ജാദുനാഥ് സിങ്ങിനെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട് ............

(വോയ്സ് )

1916-ൽ ഉത്തർപ്രദേശിൽ ജനിച്ച നായിക് ജാദുനാഥ് സിംഗ് 1941-ൽ ഒന്നാം രജ്പുത് റെജിമെന്റിൽ ചേർന്നു. 1947- 48ൽ ഇന്തോ-പാക്ക് യുദ്ധത്തിൽ, ഝാൻഗർ പിടിച്ചടക്കിയതിനെത്തുടർന്ന്, പാക്കിസ്ഥാൻ നൗഷഹ്റ മേഖലയിൽ തന്ത്രപരമായ മുൻതൂക്കം നേടി. കൂടുതൽ അക്രമ സാധ്യത മുന്നിൽക്കണ്ട് ഇന്ത്യൻ സൈന്യം തായ്ൻ ധാർ പർവതനിര ഉൾപ്പെടെ പ്രധാന സ്ഥലങ്ങളിൽ സുരക്ഷ ശക്തിപ്പെടുത്തി. അവിടെ നായിക് ജാദുനാഥ് സിംഗ് ഒമ്പത് പേരുടെ മുൻനിര പോസ്റ്റിനെ നയിച്ചു.

1948 ഫെബ്രുവരി 6-ന് മൂടൽമഞ്ഞുള്ള പ്രഭാതത്തിൽ, എതിരാളികൾ തായ്ൻ ധറിൽ വൻ ആക്രമണം അഴിച്ചുവിട്ടു. നൂറുകണക്കിന് ആക്രമണകാരികൾ പിക്കറ്റ് നമ്പർ 2-ലേക്ക് മുന്നേറി. സ്വയം പരിക്കേറ്റെങ്കിലും, പരിക്കേറ്റ തോക്കുധാരിയിൽ നിന്ന് ബ്രെൻ തോക്ക് കൈക്കലാക്കി അദ്ദേഹം വെടിവെച്ചു. സഹ സൈനികരിൽ ചിലർ വീരമൃത്യു വരിക്കുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്തതോടെ, രക്തം വാർന്ന നായിക് ജാദുനാഥ് സിംഗ് ഒറ്റയ്ക്ക്, സ്റ്റെൻ ഗണ്ണുമായി ശത്രുവിന് നേരെ പാഞ്ഞടുത്തു. നിർഭയമായ പോരാട്ടത്തിൽ ശത്രുവിനെ തകർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അവസാന പോരാട്ടത്തിൽ തലയിലും നെഞ്ചിലും വെടിയുണ്ടകൾ തറച്ച് നായിക് ജാദുനാഥ് സിങ് വീരമൃത്യു വരിച്ചു.

പരമോന്നത ത്യാഗത്തിനും അസാധാരണ ധൈര്യത്തിനും, മരണാനന്തരം രാജ്യം അദ്ദേഹത്തിന് പരം വീര ചക്രം നൽകി ആദരിച്ചു. നായിക് ജാദുനാഥ് സിങ്ങിനെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മഴ സാധ്യത കണക്കിലെടുത്ത് 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന 16 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സുരക്ഷ മുൻനിർത്തി 10 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ  ഇന്ന് അവധി പ്രഖ്യാപിച്ചു.

കോട്ടയം ജില്ലയിലും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന്  അവധിയായിരിക്കും.

ആലപ്പുഴ കുട്ടനാട് താലൂക്കിലെ സ്കൂളുകൾക്കും കാർത്തികപള്ളി താലൂക്കിലെ പള്ളിപ്പാട് തെക്കേക്കര ഗവ LP  സ്കൂളിനും ഇന്ന് അവധി നൽകി. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധിയാണ്.

✪✪✪

IPL ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിന്. അഹമ്മദാബാദിൽ പഞ്ചാബ് കിംഗ്സിനെ 6 റൺസിന് പരാജയപ്പെടുത്തിയാണ് ബെംഗലൂരു കന്നിക്കിരീടം സ്വന്തമാക്കിയത്.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്...

ആദ്യം ബാറ്റ് ചെയ്ത ബെംഗലൂരു, നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 190 റൺസ് നേടി. വിരാട് കോഹ്‌ലിയാണ് ഏറ്റവും കൂടുതൽ റൺസ് എടുത്തത്. ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ച ശേഷം കോഹ്‌ലിയുടെ ആദ്യം IPL പോരാട്ടമായിരുന്നു ഇത്. 33 പന്തിൽ കോഹ്‌ലി 45 റൺസ് നേടി.

മറുപടി ബാറ്റിങ്ങിനിറങ്ങിയ പഞ്ചാബ് കിംഗ്സിന്, നിശ്ചിത 20 ഓവറിൽ 184 റൺസ് നേടാനേ കഴിഞ്ഞുള്ളൂ.

2016 ലെ IPL ഫൈനലിൽ ഹൈദരാബാദിനോട് ഒമ്പത് റൺസിന് പരാജയപ്പെട്ടതിന്റെ നിരാശ മായ്ക്കുന്നതാണ് ഒമ്പത് വർഷത്തിന് ശേഷം ബെംഗലൂരു നേടിയ ഈ കിരീട വിജയം.

✪✪✪

ഈ വർഷത്തെ ഹജ്ജ് കർമ്മങ്ങൾക്ക് ഇന്ന് തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകർ എത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. നാളെ മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം നാളെ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

✪✪✪

പ്രതിഷ്ഠാദിനത്തോട് അനുബന്ധിച്ച പൂജകൾക്കായി ശബരിമല നട വൈകീട്ട് അഞ്ചിന് തുറക്കും. നാളെയാണ് പ്രതിഷ്ഠാദിനം. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10 ന് നട അടയ്ക്കും.

✪✪✪

'വികസിത് കൃഷി സങ്കല്പ് അഭിയാന്റെ' ഭാഗമായ കർഷകസമ്പർക്ക പരിപാടി ഇന്ന് കൊല്ലം ജില്ലയിൽ പത്തനാപുരം, വെട്ടിക്കവല, കൊട്ടാരക്കര എന്നീ ബ്ലോക്കുകളിൽ നടത്തും. ഖാരിഫ് വിളകളുടെ കൃഷി ഒരുക്കം സംബന്ധിച്ച് സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ വിവിധ കേന്ദ്രങ്ങളിൽ കർഷകരുമായി ആശയവിനിമയം നടത്തും. കർഷകപരിശീലനവും , കർഷക - ശാസ്ത്രജ്ഞ മുഖാമുഖവും അനുബന്ധമായി നടക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ കാമ്പയിനിൽ ഇന്ന് ചങ്ങരോത്ത്, പേരാമ്പ്ര, ചക്കിട്ടപാറ പഞ്ചായത്തുകളിൽ ബോധവത്കരണ പരിപാടികൾ നടത്തും. ഇന്നലെ കുന്ദമംഗലത്തും പെരുവയലിലും മാവൂരിലും ബോധവത്കരണ പരിപാടി നടന്നു. കേന്ദ്ര സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കർഷകരെ നേരിൽ കണ്ട് സംവദിച്ചു.

✪✪✪

വികസിത് കൃഷി സങ്കല്പ് അഭിയാന്റെ ഭാഗമായി, ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൽ, മറ്റന്നാൾ രാവിലെ 'സമ്മിശ്ര കൃഷി' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് സെമിനാറിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ ജൽജീവൻ മിഷന് കീഴിൽ നടക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ വിലയിരുത്താൻ കേന്ദ്ര സംഘമെത്തി. മിഷൻ നോഡൽ ഓഫീസർ അനിത കരൺ, ടെക്നിക്കൽ ഓഫീസർ രാഗേഷ് കുമാർ മഹാജൻ എന്നിവരാണ് സന്ദർശനത്തിനെത്തിയത്. ജില്ലാ കലക്ടർ, സബ് കലക്ടർ എന്നിവരുമായി ചർച്ച നടത്തിയ സംഘം, തുടർന്ന് മാവൂർ കൂളിമാടിൽ പ്രവൃത്തി പുരോഗമിക്കുന്ന 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാല സന്ദർശിച്ചു.

✪✪✪

കോഴിക്കോട്  ജില്ലയിലെ എല്ലാ വിദ്യാലയങ്ങളും ഈ മാസം 30-നകം പുകയില രഹിതമായി പ്രഖ്യാപിക്കും. ലോക പുകയിലവിരുദ്ധ ദിനാചരണത്തോട് അനുബന്ധിച്ച ക്യാമ്പയിനുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രവർത്തനങ്ങൾ, 'ആരോഗ്യം ആനന്ദം' രണ്ടാംഘട്ട കാൻസർ സ്ക്രീനിങ് പദ്ധതി ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ADM ന്റെ ചേംബറിൽ ചേർന്ന വിവിധ വകുപ്പുകളുടെ ജില്ലാതല യോഗത്തിലാണ് തീരുമാനം.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*CNRT'S: നിമിഷ ജി,*
*DEO: സി കെ സുബോധ്*